**പതിമൂന്നാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 208 04.02.2013-ൽ മറുപടിയ്ക്ക്**

## ദേശീയ ഗെയിംസിനുള്ള തയ്യാറെടുപ്പുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.റ്റി.എൻ.പ്രതാപൻ<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ** | | **ശ്രീ.കെ.ബി.ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** | |
| (എ) | ദേശീയ ഗെയിംസ് നടത്തുവാൻ എന്തെല്ലാം തയ്യാറെടുപ്പുകളാണ് നടത്തിയിട്ടുളത് ; | (എ), | 35-ാമത് ദേശീയ ഗെയിംസ് നടത്തിപ്പിനോടനുബന്ധിച്ച് 14 മത്സരവേദികളുടെ നിർമ്മാണ-നവീകരണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനായി 10 പുതിയ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നുണ്ട്. ഇതിന്റെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ച് വരുന്നു. ദേശീയ ഗെയിംസിൽ പങ്കെടുക്കുന്നതിനുള്ള കേരള ടീമിന് മികച്ച പരിശീലനസൗകര്യങ്ങൾ ഒരുക്കുന്നതിന് കോച്ചിംഗ് ക്യാമ്പുകളിലേക്കായി മെച്ചപ്പെട്ട കായിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും ടീമിന്റെ പ്രകടനം മെച്ചപ്പെടുത്തുന്നതിനായി വിദേശ പരിശീലകന്റെ സേവനം ലഭ്യമാക്കുന്നതിനുംവേണ്ട നടപടികൾ സ്വികരിച്ചിട്ടുണ്ട്. |
| (ബി) | എന്ന് മുതലാണ് ദേശീയ ഗെയിംസ് തുടങ്ങുന്നത്; | (ബി) | 35-ാമത് ദേശീയ ഗെയിംസ് ഡിസംബർ 2013/ ജനുവരി 2014 -ൽ നടത്താനുള്ള തയ്യാറെടുപ്പ് നടത്തിവരുന്നു. ഗെയിംസ് നടത്തുന്നതിനുള്ള അന്തിമ തീയതി ഇന്ത്യൻ ഒളിമ്പിക് അസോസിയേഷന്റെ അംഗീകാരത്തിനു വിധേയമായി നിശ്ചയിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | ഗെയിംസ് നടത്തുന്ന വേദികളുടെ നിർമ്മാണ പ്രവർനത്തനങ്ങളിൽ എത്ര എണ്ണം പൂർത്തിയായിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കുമോ ; | (സി) | തിരുവനന്തപുരം യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിലെ നവീകരണ/നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് 9 സ്റ്റേഡിയങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. അവശേഷിക്കുന്നവയുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരുന്നു. |
| (ഡി) | വേദികളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ? | (ഡി) | ഉണ്ട്. കൺസൾട്ടന്റുമാരായ കിറ്റ്കൊ, BSNL എന്നിവ മുഖേനയും, നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റിലെ ചീഫ് കമ്മീഷണർ ആന്റ് പ്രിൻസിപ്പൽ കോ-ഓർഡിനേറ്റർ, ചീഫ് എഞ്ചിനീയർ അടക്കമുള്ള എഞ്ചിനീയർമാർ എന്നിവരുടെ സന്ദർശനങ്ങളിലൂടെ നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നു. അതോടൊപ്പം സ്പോർട്സ് വകുപ്പ് മന്ത്രി ചെയർമാനായ എക്സിക്യൂട്ടീവ് കമ്മിറ്റി നിരന്തരമായ വിലയിരുത്തലുകൾ നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ